സുൽത്താൻ ബത്തേരി നഗരസഭയ്ക്ക് വാടകയ്ക്ക് കൊടുക്കുന്ന എത്ര കെട്ടിടങ്ങളുണ്ടെന്നും ഓരോ കെ മുറികൾ ഉണ്ടെന്നും പ്രസ്തുത കെട്ടിടങ്ങൾ എവിടെ സ്ഥിതിചെയ്യുന്നു എന്നുമുള്ള വിവരങ്ങളും രേഖ ഹാജരാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ വാടക ഡിമാന്റ് രജിസ്റ്ററും തൻവർഷത്തെ ഡി.സി. പ്രകാരം വാടകയ്ക്ക് കൊടുക്കുന്ന 209 മുറികൾ (1 മുതൽ 180 വരെയും 181(1) മുതൽ 181(28) വരെയു ഒരു ഐസ് പ്ലാന്റും) നഗരസഭയ്ക്കുണ്ട്. ഇതിൽ 80 മുറികളുടെ [7, 12, 14, 22, 25, 31, 32, 33, 35, 36, 41, 42, 43, 44, 45, 46, 47, 48, 49, 50, 51, 52, 58, 68, 69, 70, 71, 76, 78, 81, 111, 112, 113, 122, 123, 125, 126, 127, 129, 131, 138, 140, 142, 143, 144, 147, 148, 149, 150, 151, 157(A 170, 171, 172, 177, 178, 180, 180(9), 180(10), 180(13), 180(14), 180(15), 180(16), 18( 180(19), 180(10), 180(21),180(24), 180(25), 180(26)] വാടക ഡിമാന്റ് ചെയ്തിട്ടില്ല. വാടയ്ക്ക് കൊ സംബന്ധിച്ച വിവരവും ആയതിനുള്ള കാരണവും ലഭ്യമാക്കിയിട്ടില്ല. വാടക ഡിമാന്റ് ചെയ്തി കരാറുടമ്പടി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല.

വർഷങ്ങളായി വാടകയ്ക്ക് കൊടുക്കുന്ന മുറികൾ ഉണ്ടായിരിന്നിട്ടും നാളിതുവരെ വാടകയ്ക്ക് നൽകലി നിയന്ത്രിക്കുന്നതിനായി നിയമപരമായ വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. കേരള മുനിസിപ്പാലിറ്റി വകുപ്പ് പ്രകാരം ബൈലോകൾ ഉണ്ടാക്കുന്നതിന് മുനിസിപ്പൽ കൗൺസിലിന് അധികാരം നൽകി വകുപ്പ് അനുസരിച്ച് ഉദ്ദേശിച്ചിട്ടുള്ള ബൈലോയുടെ കരട് മുൻകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അനുസരിച്ച് സർക്കാർ അംഗീകരം നൽകി സ്ഥിരീകരിക്കുന്നത് വരെ ബൈലോക്ക് പ്രാബല്യം സ്ഥിരീകരിച്ച ബൈലോ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. മുറികൾ വാടകയ്ക്ക് കൊടുക്കുന്നത നിയന്ത്രിക്കുന്നതിനായി നിലവിൽ ബൈലോ എന്ന പേരിൽ നഗരസഭ ഉപയോഗിച്ചുവര സാക്ഷ്യപ്പെടുത്തിയ നിബന്ധനകളുടെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആയ അംഗീകരിച്ചതിന്റെയും സർക്കാർ സ്ഥിരീകരിച്ചതിന്റെയും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിന പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഡി.സി.ബി. പത്രിക പ്രകാരം 2021-22 വർഷത്തെ ആകെ വാടകഡിമാന്റ് ₹47,90,904/- ₹32,23,288/-ഉം ആണ്. എന്നാൽ വാടക ഡിമാന്റ് രജിസ്റ്ററിലെ പേജ് നമ്പർ 62 -ൽ സാക്ഷ്യപ്പെടു പ്രകാരം തൻവർഷത്തെ ആകെ ഡിമാന്റ് ₹54,06,436/- യും കളക്ഷൻ ₹32,93,174/- ആണ്. വാർഷ പ്രകാരം ഇത് യഥാക്രമം ₹54,06,436/- യും , ₹33,02,234/- ആണ്. വ്യത്യാസത്തിന് ലഭ്യമാക്കിയിട്ടില്ല.

നഗരസഭ വാടകയ്ക്ക് കൊടുത്തിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങളും അവയുടെ പ്ലാനും സ്ഥിതി വാടകക്ക് കൊടുത്തിട്ടുള്ള മുറികളുടെ എഗ്രിമെന്റും വാടകയ്ക്ക് കൊടുക്കാത്ത മുറികളെ സംബന്ധി കാരണവും നഗരസഭ മുറികൾ വാടകക്ക് നൽകുന്നതിന് ഇപ്പോൾ അടിസ്ഥാനമാക്കിയിട്ടുള്ള നിയമപരമായ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും വാർഷിക കണക്ക രജിസ്റ്ററുമായുള്ള പൊരുത്തക്കേടിന് വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് (നം. 19/21-22, തീയതി 28/09/2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് പ്രകാരം ആവശ്യപ്പെട്ട രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-25 കെട്ടിട വാടക - നിയമ വിരുദ്ധമായി ഇളവ് നൽകിയ ഭരണ സമിതി തീരുമാ ചെയ്യാത്തതിനാൽ വരുമാന നഷ്ടം തുടരുന്നു.

സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിലാണ് മുനിസിപ്പാലിറ്റിയ ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ അന്നത്തെ ഭരണസമിതി ഇപ്പോൾ നഗരസഭയുടെ ഉടമസ്ഥ കെട്ടിട മുറികളുടെ വാടകയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നടപടി നിയമവിരുദ്ധമാണെന്ന് ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. 2-7, 2008-09 ലെ ഓ ഖണ്ഡിക 2-4 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിയമവിരുദ്ധമാ റദ്ദുചെയ്ത് മുഴുവൻ വാടകയും ഈടാക്കാത്തതിനാൽ 2006-07 വർഷം മുതൽ തനത് ഫണ്ട് വരുമാന നഷ്ടം സംബന്ധിച്ച് 2012-13 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8, 2013-14, 2014-15 ലെ ഓ ഖണ്ഡിക 2-6, 2015-16 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8(10(ബി)), 2017-18 ഓഡിറ്റ് റിപ്പോർട്ട്

2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16, 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-15, 2020-21 ഒ ഖണ്ഡിക 1-16 എന്നിവയിലും പരാമർശിച്ചിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം വരെ നി തീരുമാനം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. നിയമ വിരുദ്ധമായി ഇളവനുവദിച്ചതനുസരി. തൻവർഷവും വാടക ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വാടകയിൽ 5% വാർഷിക വർദ്ധനവ് വ്യവസ്ഥ ചെയ്താണ് പ്രസ്തുത മുറികൾ വാടകയ്ക്ക് ന ആയതനുസരിച്ച് തൻവർഷം ഡിമാന്റ് ചെയ്യേണ്ടിയിരുന്ന വാടകയും ഡിമാന്റ് ചെയ്ത വാടകയും ന നഷ്ടത്തിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കൈവശക്കാരന്റെ പേര്/ റൂം നം. | ഇളവനുവദിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാനം | ലേലപ്രകാരം നിശ്ചയിച്ച വാടകയും മുറി ഏറ്റെടുത്ത വർഷവും | പ്രതിവർഷം 5% വർദ്ധനവ് അനുസരിച്ച് തൻവർഷം ഈടാക്കേണ്ടിയിരുന്ന പ്രതിമാസ വാടക | തൻവർഷം ഡിമാന്റ് ചെയ്ത പ്രതിമാസ വാടക |
|---|---|---|---|---|---|
| A | B | C | D | E | F |
| 1 | ജോർജ്ജ് ജോസഫ്/ ഫിലോമ ജോർജ്ജ് (റൂം നം. 109) | 124/04, 1.12.2004 | ₹18043/-, 1998-99 | ₹55,419/- | ₹42230/- |
| 2 | എൻ. കുഞ്ഞുമുഹമ്മദ്, (റൂം നം. 96) | 2000/03, 29.04.2005 | ₹1421/-, 1998-99 | ₹4365/- | ₹2454/- |
| 3 | മേരി സ്കറിയ (റൂം നം. 78) | 35/05(21), 29.04.2005 | ₹2315/-, 1998-99 | ₹7111/- | ഡിമാന്റ് ചെയ്തിട്ടില്ല. (*) |
| 4 | അബ്ദുൾ കരീം എൻ (റൂം നം. 82) | 35/05(21), 29.04.2005 | ₹3942/-, 1998-99 | ₹12,107/- | ₹3277/- |
| 5 | കെ.റ്റി . അരവിന്ദാക്ഷൻ (റൂം നം. 77) | 93/05(28), 29.11.2005 | ₹5017/-, 1998-99 | ₹15,410/- | ₹9821/- |
| 6 | ഉണ്ണികൃഷ്ണൻ (റൂം നം. 05) | 05/06(23), 05.01.2006 | ₹848/-, 1998-99 | ₹2605/- | ₹1558/- |
| 7 | പി.കെ.മണികണ്ഠൻ (റൂം നം. 132) | 05/06(23), 05.01.2006 | ₹3352/- 2003-04 | ₹8067/- | ₹5460/- |
| 8 | പി.പി.ഷറഫുദ്ദീൻ (റൂം നം. 72) | 28/08(7), 29.03.2008 | ₹6678/- (2007-08) | ₹13,428/- | ₹9445/- |
| 9 | എം.റ്റി. മുഹമ്മദ് (റൂം നം. 73) | 28/08(7), 29.03.2008 | ₹5768/- (2007-08) | ₹11,598/- | ₹8156/- |
| 10 | നസീർ എംബസി (റൂം നം. 74) | 28/08(7), 29.03.2008 | ₹8682/- (2007-08) | ₹17,458/- | ₹12,280/- |
| 11 | ജോസ് S/O മാത്യു (റൂം നം. 75) | 28/08(7), 29.03.2008 | ₹6108/- (2007-08) | ₹12,282/- | ₹8636/- |

| | | | | | |
|---|---|---|---|---|---|
| 12 | പി.ജെ.സേവ്യർ (റൂം നം. 56) | 28/08(7), 29.03.2008 | ₹16905/- (2007-08) | ₹33,993/- | ₹27,096/- |
| 13 | എം.രാമകൃഷ്ണൻ (റൂം നം. 156) | 34/08(10), 28.04.2008 | ₹3885/- (2007-08) | ₹7812/- | ₹5657/- |
| ആകെ | | | | | |

(*)ക്രമ നമ്പർ 3 ഡിമാന്റ് രജിസ്റ്ററിൽ റൂം നം. 78 (മേരി സ്കറിയ) ന് 2021-22 വർഷത്തെ വാടക ഡി തൻവർഷം ഡിമാന്റ് ചെയ്യേണ്ട തുക ₹85,332/- ആണ്.

മേൽ കൊടുത്തിരിക്കുന്നത് പ്രകാരം തൻവർഷം നഗരസഭയ്ക്ക് ₹7,87,020 = (7,01,688 + 85 നഷ്ടമുണ്ടായിട്ടുണ്ട്.

ഓഡിറ്റ് പരാമർശത്തെ തുടർന്ന് 20.08.2015 - ന് നഗരസഭ മേൽ പറഞ്ഞ വാടകകാർക്ക് നോട്ടീസ (നോട്ടീസ് നം. എ2 - 18874/15). വാടക കുറച്ചു നൽകിയത് നിയമവിരുദ്ധമായതിനാൽ അ നിയമാനുസൃതമായ വാടക കുടിശ്ശിക സഹിതം ഈടാക്കാൻ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോ നൽകിയിട്ടുള്ള സാഹചര്യത്തിൽ തുക ഒടുക്കേണ്ടതാണെന്നാണ് പ്രസ്തുത നോട്ടീസിൽ പറഞ്ഞിട്ടു നിയമവിരുദ്ധമായ തീരുമാനം റദ്ദുചെയ്യാതെയും നഗരസഭയുടെ വാർഷിക കണക്കുകളിലേയും ഡിമാന്റ് ഡിമാന്റിൽ ഉൾപ്പെടുത്താതെയുമാണ് നഗരസഭ പ്രസ്തുത ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്. പ്രസ്തു തുടർന്ന് മേൽ പറഞ്ഞ വാടകക്കാരിൽ ഒരാൾ ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയു 38783/2015) അവർക്കനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

ലേല വ്യവസ്ഥകൾക്കും 1998 ലെ കേരള പഞ്ചായത്ത് രാജ് കരാറുകാർക്കും പാട്ടക്കാർക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ് വാടക ഇളവനുവദിച്ച നടപടി എന്നുള്ളതായിരുന്നു ഓഡിറ്റ് പരാ വാടകക്കാരെ ഗ്രാമപഞ്ചായത്ത്/നഗരസഭയ്ക്ക് ഉണ്ടായ നഷ്ടത്തിന് ഉത്തരവാദിയായി കേരള സം വകുപ്പിന്റെ റിപ്പോർട്ടുകളിൽ ഒന്നിലും നിശ്ചയിച്ചിട്ടില്ല. തെറ്റായ തീരുമാനം എടുത്ത കാലത്തെ സെക്ര നിയമവിരുദ്ധമായ തീരുമാനം റദ്ദുചെയ്ത് മുഴുവൻ വാടകയും ഈടാക്കാൻ നടപടികൾ സ്വീകരിക്കാ കാലത്തെ സെക്രട്ടറിമാരിൽ നിന്നും തുക ഈടാക്കുന്നതിനാണ് ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാ മേൽപറഞ്ഞ വിധിന്യായത്തിലും ഓഡിറ്റ് കണ്ടെത്തലിൽ തെറ്റുള്ളതായി പറഞ്ഞിട്ടില്ല. എന്നു വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശം ഉണ്ടായിരിന്നിട്ടും നഷ്ടത്തിന് ഉത്തരവാദികളാ തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തീരുമാനം തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടിട്ടും ആയത് തിരുത്താൻ ശ്രമിക്കാതെ ചൂണ്ടികാട്ടിയാണ് പ്രസ്തുത വാടകക്കാരിൽ നിന്നും തുക ഈടാക്കുന്നതിന് നോട്ടീസ് നൽകി നടപടിയിൽ നിന്നും ഓഡിറ്റ് പരാമർശം ഉള്ളതു കൊണ്ട് മാത്രമാണ് പ്രസ്തുത കക്ഷികളിൽ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതെന്നും നിയമവിരുദ്ധമായ തീരുമാനവുമായി മുന്നോട്ട നഗരസഭ താല്പര്യപ്പെടുന്നതെന്നുമാണ് വ്യക്തമാകുന്നത്. കാലാകാലങ്ങളിൽ ഉള്ള ഓഡിറ്റ് അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കാൻ നഗരസ സ്വീകരിച്ചിട്ടുമില്ല.

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം നിയമ വിരുദ്ധമായി വാടക ഇളവ് അ ഗ്രാമപഞ്ചായത്ത്/നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്ക സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും, ഇല്ലെങ്കിൽ ആയതിനും ന തീരുമാനം റദ്ദ് ചെയ്ത് തൻവർഷം മേൽപറഞ്ഞ ഇളവ് നൽകിയ മുറികളുടെ മുഴുവൻ വാട ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ ക എൻക്വയറി നം. 39/21-22, തീയതി 06/10/2022) സെക്രട്ടറി മറുപടി നൽകിയിട്ടില്ല.

നിയമ വിരുദ്ധമായ തീരുമാനം റദ്ദ് ചെയ്യാത്തതിനാൽ തൻവർഷം നഗരസഭയ്ക്കുണ്ടായ വരുമാന നഷ് രൂപയാണ് പ്രസ്തുത വിഷയം കൗൺസിലിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിൽ വീഴ്ചവരുത്തിയ നിന്നും ഈ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-26 കെട്ടിട വാടക - ഇളവ് അനുവദിച്ചതിൽ ക്രമക്കേട്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും വാടകയ്ക്ക് നൽകിയിരിക്കുന്നതുമായ കടമ
അവരവരുടെ ധനസ്ഥിതി കൂടി പരിഗണിച്ച് 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെ ഒഴിവാക്ക
കോവിഡ് രണ്ടാം തരംഗത്തിന്റെ ഭാഗമായി 06.11.2021 ലെ സ.ഉ(കൈ)നം. 261/2021/തസ്വഭവ പ്ര
നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 40 വാടകമുറികൾക്ക് 16
ഭരണസമിതിയുടെ 10 -ാംനമ്പർ തീരുമാന പ്രകാരം ഇളവനുവദിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റി
2021-22 വർഷത്തെ മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ വാടക ഇളവിന് ശിപാർശ ചെയ്തതാ
16.02.2022 -ലെ ഭരണസമിതി യോഗ മിനുട്ട്സ് (പേജ് നം. 202) പ്രകാരം 44 പേ
അപേക്ഷിച്ചിട്ടുള്ളത്. മേൽ പറഞ്ഞ ഭരണസമിതി തീരുമാന പ്രകാരം ഇളവ് അനുവദിച്ച മുറികൾക്ക
ഡിമാന്റ് രജിസ്റ്റർ അനുസരിച്ച് 51 മുറികൾക്കുകൂടി വാടകയിൽ ഇളവ് അനുവദിച്ചതായി കാണുന്നു.
താഴെ കൊടുക്കുന്നു.

| ക്രമ നം. | മുറി നം. | കൈവശക്കാരൻ | പ്രതിമാസ വാടക | 2021-22 -ൽ ഡിമാന്റ് ചെയ്ത ആകെ തുക | ഇ ള |
|---|---|---|---|---|---|
| 1 | 9 | തോമസ് തെറ്റയിൽ | 2504 | 17528 | |
| 2 | 10 | ടി. വി. ജോർജ്ജ് തെറ്റയിൽ | 2046 | 14322 | |
| 3 | 15 | ഹുസൈൻ | 1411 | 8466 | |
| 4 | 17 | അബൂബക്കർ | 1337 | 8022 | |
| 5 | 18 | ടി. ഹംസ | 1766 | 10596 | |
| 6 | 19 | ടി. ഹംസ | 1458 | 8748 | |
| 7 | 55 | അൻവർ | 6601 | 39606 | |
| 8 | 60 | ടി. കുമാരൻ | 1652 | 9912 | |
| 9 | 62 | പി. ബാലൻ | 1652 | 14868 | |
| 10 | 67 | പി. ചന്ദ്രൻ | 1021 | 6126 | |
| 11 | 75 | ജോസ് ചിറ്റാലിൽ | 8638 | 51816 | |
| 12 | 77 | കെ.ടി. അരവിന്ദാക്ഷൻ | 9821 | 58926 | |
| 13 | 85 | സെക്രട്ടറി, കേരള ബുക്ക് മാർക്ക് | 5133 | 35931 | |
| 14 | 87 | എം.എൻ. പ്രകാശൻ | 2924 | 17544 | |
| 15 | 91 | കെ.സി. സൈമൺ | 3614 | 21684 | |
| 16 | 92 | എം.പി. ഹംസ | 3439 | 20634 | |
| 17 | 94 | ഷംസുദ്ദീൻ | 2578 | 15468 | |
| 18 | 95 | ഷാജഹാൻ | 2767 | 16602 | |
| 19 | 105 | ഹംസ എം.ബി. | 1072 | 7504 | |
| 20 | 107 | എം.സി. പീറ്റർ | 1111 | 6666 | |
| 21 | 120 | ഷഹാബ് ജാൻ | 966 | 5796 | |
| 22 | 121 | ശശീന്ദ്രൻ പി.കെ. | 1171 | 7026 | |
| 23 | 122 | ഷഹാബ് ജാൻ | 966 | 5796 | |
| 24 | 123 | ഷെയ്ക്ക് റിയാസ് | 1171 | 7026 | |
| 25 | 128 | സലിം രാജൻ | 2756 | 16536 | |
| 26 | 134 | പാർത്ഥൻ പട്ടേ | 3105 | 18630 | |

| | | | | |
|---|---|---|---|---|
| 27 | 135 | കെ.എം. വർഗ്ഗീസ് | 3417 | 20502 |
| 28 | 157A(*) | ഡോ. സണ്ണി ജോർജ്ജ് | 4079 | 24474 |
| 29 | 157B(*) | ഡോ. സണ്ണി ജോർജ്ജ് | 4079 | 24474 |
| 30 | 161 | ജോജി എൽദോ | 6223 | 37338 |
| 31 | 162 | ബീന ജോജി | 7075 | 42450 |
| 32 | 167 | ശശി പാട്ടശ്ശേരി കോളനി | 2377 | 14262 |
| 33 | 169(*) | ഗോപിനാഥൻ | 2574 | 14262 |
| 34 | 176 | നൗഷാദ് എൻ.കെ. | 11466 | 68796 |
| 35 | 178(*) | റഹീം എ.കെ. | 11356 | 68136 |
| 36 | 179 | കെ. കരീം | 11356 | 68136 |
| 37 | 181(1) | നിസ്സാർ | 5843 | 35058 |
| 38 | 181(2) | നിസ്സാർ | 5843 | 35058 |
| 39 | 181(3) | സിദ്ധിക്ക് ടി.വി. | 5843 | 35058 |
| 40 | 181(4) | സിദ്ധിക്ക് ടി.വി. | 5843 | 35058 |
| 41 | 181(5) | അസ്സീസ് കൂടത്താൾ | 5843 | 35058 |
| 42 | 181(6) | അസ്സീസ് കൂടത്താൾ | 5843 | 35058 |
| 43 | 181(7) | മാമു കെ. | 5843 | 35058 |
| 44 | 181(8) | സലീം എ.കെ. | 5843 | 35058 |
| 45 | 181(11) | കരീം കെ | 3638 | 21828 |
| 46 | 181(12) | റിയാസ് കൂടത്താൾ | 3859 | 23154 |
| 47 | 181(22) | നിസ്സാർ കെ | 3638 | 21828 |
| 48 | 181(23) | നിസ്സാർ കെ | 3638 | 21828 |
| 49 | 181(27) | അബ്ദുൾ അസീസ് | 3969 | 23814 |
| 50 | 181(28) | സിറാജുദ്ദീൻ | 4300 | 25800 |
| 51 | Ice Plant | നിസ്സാർ കെ | 11356 | 68136 |
| ഭരണസമിതിയുടെ അംഗീകാരമില്ലാതെ ആകെ കിഴിവ് അനുവദിച്ച തുക | | | | |

(*)ഡി.സി.ബി. പത്രിക അനുസരിച്ച് വാടക ഡിമാന്റ് ചെയ്തിട്ടില്ല.

മേൽപറഞ്ഞ വാടക മുറികൾക്ക് ഇളവനുവദിച്ചതിന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ഹ വാടക ഇളവിന് അപേക്ഷിക്കാത്തതും ഭരണസമിതി ഇളവനുവദിക്കാത്തതുമായ വ ഇളവനുവദിച്ചതായി കാണുന്നത്. ക്രമ വിരുദ്ധമായി മേൽപട്ടികയിൽ പറഞ്ഞിട്ടുള്ള വാടകാർക്ക് ഇള ₹12,99,583/- നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെ ഓഴിവാക്കി നൽകുന്നതി നൽകിയിട്ടുള്ളത്. എന്നാൽ കൗൺസിൽ തീരുമാനപ്രകാരം ഇളവനുവദിച്ച ചിലർക്ക് പ്രസ്തുത കാലയ മാസങ്ങളിലും ഇളവ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | മുറി നം. | കൈവശക്കാരൻ | പ്രതിമാസ വാടക | സർക്കാർ ഉത്തരവ് പ്രകാരമല്ലാതെ ഇളവനുവദിച്ച മാസങ്ങൾ | അനധ അനുവദിച്ച |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 1 | ബാബു കെ. | 6107 | 01/2022 | 6 |
| 2 | 7 | ഉണ്ണികൃഷ്ണൻ | 604 | 01/2022 മുതൽ 03/2022 വരെ | 1 |
| 3 | 21 | കുഞ്ഞുമുഹമ്മദ് | 1458 | 02/2022, 03/2022 | 2 |
| 4 | 56 | പി.ജെ. സേവ്യർ | 27096 | 01/2022 മുതൽ 03/2022 വരെ | 8 |
| 5 | 63 | സഫിയ താഴാടൻ | 1658 | 01/2022 മുതൽ 03/2022 വരെ | 4 |
| 6 | 64 | സഫിയ താഴാടൻ | 922 | 01/2022 മുതൽ 03/2022 വരെ | 2 |
| 7 | 82 | അബ്ദുൾ കരിം | 3277 | 01/2022 മുതൽ 03/2022 വരെ | 9 |
| 8 | 89 | ടി. ശിവദാസൻ | 2338 | 01/2022 മുതൽ 03/2022 വരെ | 7 |
| 9 | 93 | ഏലിയാമ ചെറിയാൻ | 2841 | 01/2022 മുതൽ 03/2022 വരെ | 8 |
| 10 | 103 | സുനിത മാങ്കൊമ്പിൽ | 1617 | 01/2022 മുതൽ 03/2022 വരെ | 4 |
| 11 | 108 | ബെന്നി ജോസഫ് | 11490 | 01/2022 | 1 |
| 12 | 109 | ഫിലോമ ജോർജ്ജ് | 42230 | 01/2022 | 4 |
| 13 | 114 | ജയരാജൻ | 1282 | 01/2022, 02/2022 | 2 |
| 14 | 117 | ഫിലോമ ജോർജ്ജ് | 11752 | 01/2022 | 1 |
| 15 | 118 | ഫിലോമ ജോർജ്ജ് | 2550 | 01/2022 | 2 |
| 16 | 124 | അഡ്വ. ഷാജു കല്ലോലിക്കൽ | 2610 | 01/2022 മുതൽ 03/2022 വരെ | 7 |
| 17 | 158 | സെക്രട്ടറി, വയനാട് ജില്ലാ ഫാർമേഴ്സ് മാർക്കറ്റിംഗ് കോ-ഓപ്പ്. സൊസൈറ്റി | 4716 | 03/2022 | 4 |
| 18 | 163 | കെ.കെ. തങ്കമണി | 4243 | 01/2022 മുതൽ 03/2022 വരെ | 1 |
| സർക്കാർ ഉത്തരവിൽ പറയാത്ത മാസങ്ങളിൽ ഇളവ് അനുവദിച്ച ആകെ തുക | | | | | 22 |

16.02.2022 -ലെ ഭരണസമിതിയോഗത്തിലും സർക്കാർ ഇളവനുവദിച്ച 2021 ജൂലൈ മുതൽ 2021 ( കാലയളവിലെ വാടക ഒഴിവാക്കി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ അനുമതിക തീരുമാനത്തിനും പുറമേ ക്രമവിരുദ്ധമായി മറ്റു കാലയളവിലേക്ക് ഇളവനുവദിച്ചത് കാരണം മേ പറഞ്ഞിരിക്കുന്നതു പ്രകാരം ₹2,25,943/- നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

സർക്കാർ ഉത്തരവിൽ വാടകക്കാരുടെ ധനസ്ഥിതി കൂടി പരിഗണിച്ച് ഇളവ് അനുവദിക്കുന്നതിന നൽകിയിട്ടുള്ളത്. റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് അനുസരിച്ച് (16.02.2022 -ലെ ഭരണ മിനുട്ട്സിൽ രേഖപ്പെടുത്തിയത്) കടകൾ തുറന്ന് പ്രവർത്തിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ള മാന മറ്റ് മാസങ്ങൾക്കും താഴെ പറയുന്ന മുറികൾക്ക് ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | മുറി നം. | കൈവശക്കാരൻ | പ്രതിമാസ വാടക | ഇളവ് അനുവദിച്ച മാസങ്ങൾ | റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് | അനു അനുവദി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 79 | മുഹമ്മദ് ഫസൽ | 3930 | 07/2021 മുതൽ 12/2021 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | (09/21 |
| 2 | 81(*) | പി.പി. മുഹമ്മദ് ബഷീർ | 5501 | 7/2021 മുതൽ 12/2021 | ഏപ്രൽ മുതൽ ജൂലൈ വരെ പ്രവർത്തിച്ചിട്ടില്ല. | (08/21 |
| 3 | 82 | അബ്ദുൾ കരീം | 3277 | 10/2021 മുതൽ 03/2022 | ഏപ്രൽ മുതൽ ജൂലൈ വരെ പ്രവർത്തിച്ചിട്ടില്ല. | 9<br>(10/21 |
| 4 | 89 | ജെ ശിവദാസൻ | 2338 | 10/2021 മുതൽ 03/2022 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | 7<br>(09/21 |
| 5 | 108 | ബെന്നി ജോസഫ് | 11490 | 08/2021 മുതൽ 01/2022 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | 45<br>(09/21 |
| 6 | 117 | ഫിലോമ ജോർജ്ജ് | 11752 | 08/2021 മുതൽ 01/2022 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | 47008 (#<br>12/ |
| 7 | 118 | ഫിലോമ ജോർജ്ജ് | 2550 | 08/2021 മുതൽ 01/2022 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | 10200 (#<br>12/ |
| റവന്യൂ ഇൻസ്പക്ടറുടെ അന്വേഷണ റിപ്പോർട്ട് അനുസരിച്ച് അർഹതയില്ലാത്ത മാസങ്ങളിലെ വടക ഇളവ് അനുവദിച്ചതിന്റെ ആകെ തുക | | | | | | 1, |

(*)ഡി.സി.ബി. പത്രിക അനുസരിച്ച് വാടക ഡിമാന്റ് ചെയ്തിട്ടില്ല.

(#) രണ്ടാമത്തെ പട്ടികയിലെ യഥാക്രമം ക്രമ നമ്പർ 7, 8, 11, 14, 15 എന്നിവ കാണുക.

കടകൾ തുറന്ന് പ്രവർത്തിച്ചതായി റവന്യൂ ഇൻസ്പക്ടർ റിപ്പോർട്ട് ചെയ്ത മാസങ്ങൾക്കും വാടക ഇളവ നരസഭയ്ക്ക് മേൽ പറഞ്ഞ പ്രകാരം ₹1,63,238/- യുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

മേൽ പറഞ്ഞിരിക്കുന്നത് പ്രകാരം ക്രമ വിരുദ്ധമായ നടപടികൾ മൂലം തൻവർഷം കെട്ടിട വ നഗരസഭയ്ക്ക് ഒട്ടാകെ ₹16,88,764/- (12,99,583 + 2,25,943 + 1,63,238) യുടെ വരുമാന നഷ്ടമുണ്ടി വിഷയം സംബന്ധിച്ച് 30/09/2022 -ലെ ഓഡിറ്റ് എൻക്വയറി നം. 26/21-22-ന് സെക്രട്ടറി മറുപടി ല നഗരസഭയ്ക്കുണ്ടായ വരുമാന നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേ

## 1-27 മത്സ്യകൃഷിക്ക് നഗരസഭ ഫണ്ടിൽ നിന്നും അധിക തുക അനുവദിച്ചു.

സ.ഉ(സാധാ)നം.1009/2020/തസ്വഭവ/29.05.2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതിയി മത്സ്യകൃഷിക്ക് ധനസഹായം നൽകുന്നതിന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ താഴെ പറയു നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ചെക്ക |
|---|---|---|---|---|
| 1 | എസ്.0637/22, വീട്ടുവളപ്പിൽ പട്ടുത കുളങ്ങളിൽ മത്സ്യകൃഷി | 360800 (തനത് ഫണ്ട്)<br>180400 (സംസ്ഥാനവിഹിത ഫണ്ട്) | ₹358500/- (തനത് ഫണ്ട്) | 100151 |

| | | | | |
|---|---|---|---|---|
| | | 811800 (ഗ്ര.വിഹിതം)<br>ആകെ:₹13,53,000/- | | |
| 2 | എസ്:0696/22, ബയെഫ്ലോക്ക് മത്സ്യകൃഷി | 73600 (തനത് ഫണ്ട്)<br>36800 (സംസ്ഥാനവിഷ്കൃത ഫണ്ട്)<br>165600 (ഗ്ര.വിഹിതം)<br>ആകെ:₹2,76,000/- | ₹70072/- (തനത് ഫണ്ട്) | -ടി- |
| ആകെ ചെലവ് | | | ₹428572/- | |

ആദ്യത്തെ പ്രോജക്റ്റ് പ്രകാരം 11 ഗുണഭോക്താക്കൾക്കും രണ്ടാമത്തെ പ്രോജക്റ്റ് പ്രകരം 2 ഗുണഭോക ധനസഹായം നൽകിയിട്ടുള്ളത്.

മേൽ പറഞ്ഞ സർക്കാർ ഉത്തരവനുസരിച്ച് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവ ധനസഹായം അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭര മൂന്നിൽ ഒന്ന് വിഹിതം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ നടപ്പിലാക്കിയപ്പോൾ മുഴുവൻ ധനസഹായവും നഗരസഭ ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത് അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവിന്റെ കണക്കുകൾ പ്രകാരം യൂണിറ്റ് ചെലവ് | സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തിയത് പ്രകാരം യൂണിറ്റ് ചെലവ് | യൂണിറ്റ് ചെലവിന്റെ 40% (സബ്സിഡി തുക) | നഗരസ വിഹിത നൽകാ ധനസ (സബ് 2/3) |
|---|---|---|---|---|---|
| വീട്ടുവളപ്പിൽ പടുത കുളങ്ങളിൽ മത്സ്യകൃഷി | | | | | |
| 1 | മൊയ്തീൻകുട്ടി | 91720 | 82000 | 32800 | |
| 2 | യൂസഫ് ടി. | 94005 | 82000 | 32800 | |
| 3 | അബ്ദുൾ ഗഫൂർ | 92955 | 82000 | 32800 | |
| 4 | പീറ്റർ കെ.ഇ. | 95905 | 82000 | 32800 | |
| 5 | ഷാജി കെ.വി. | 88245 | 79300 | 31720 | |
| 6 | കുര്യാക്കോസ് ഇ. എം. | 89076 | 81051 | 32420 | |
| 7 | സൗജ ചീനിക്കൽ | 89125 | 82000 | 32800 | |
| 8 | പുഷ്പലത എളൂതടത്തിൽ | 89213 | 82000 | 32800 | |
| 9 | ഷാന ടി. പി. | 86408 | 82000 | 32800 | |
| 10 | ജോൺസൺ മാത്യു | 89168 | 80900 | 32360 | |
| 11 | മൊയ്തു കെ. | 89213 | 81000 | 32400 | |
| ബയെഫ്ലോക്ക് മത്സ്യകൃഷി | | | | | |
| 1 | ജോസി തോമസ് | 102930 | 86945 | 34778 | |
| 2 | ചന്ദ്രശേഖരൻ | 113790 | 88234 | 35294 | |
| ആകെ | | | | ₹428572/- | ₹ |

സർക്കാർ ഉത്തരവനുസരിച്ച് നഗരസഭ ഫണ്ടിൽ നിന്നും സബ്സിഡി ഇനത്തിൽ അനുവദിക്കാമായിര
മേൽ കൊടുത്തിരിക്കുന്നത് പ്രകാരം ₹285716/- ആയിരുന്നു. എന്നാൽ 40% സബ്സിഡി തുകയും ന
നിന്നും അനുവദിച്ചതിനാൽ ₹142856/- (428572 - 285716) നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്.

മറ്റ് ന്യൂനതകൾ

1. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 17/2018/തസ്വഭവ, തീയതി 02.02.2018) ഖണ്ഡിക ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന പ്രകാരമാണ് ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ഗുണ ക്രമ പ്രകാരമല്ല മേൽ പറഞ്ഞ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുള്ള പടുത കുളങ്ങളിൽ മത്സ്യകൃഷി എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ 98 ഗുണഭോക്താക്കളു മത്സ്യകൃഷി എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ 38 ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത് തീരുമാന നമ്പർ 16/16.10.21). ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഗുണഭോക്തൃലിസ്റ്റിലെ ക്ര കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്തൃലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| | വീട്ടുവളപ്പിൽ പടുത കുളങ്ങളിൽ മത്സ്യകൃഷി | |
| 1 | മൊയ്തീൻകുട്ടി പി.ജി. | 9 |
| 2 | യൂസഫ് ടി. | 10 |
| 3 | അബ്ദുൾ ഗഫൂർ കല്ലുക്കൻപാറ | 12 |
| 4 | പീറ്റർ കെ.ഇ. | 28 |
| 5 | ഷാജി കെ.വി. | 53 |
| 6 | കുര്യാക്കോസ് ഇ. എം. | 58 |
| 7 | സൗജ ചീനിക്കൽ | 75 |
| 8 | പുഷ്പലത എളൂതടത്തിൽ | 79 |
| 9 | ഷാന ടി. പി. | 88 |
| 10 | ജോൺസൺ മാത്യു | 97 |
| 11 | മൊയ്തു കെ. | 98 |
| | ബയെഫ്ലോക്ക് മത്സ്യകൃഷി | |
| 1 | ജോസി തോമസ് | 21 |
| 2 | ചന്ദ്രശേഖരൻ പുറമാത്തിൽ | 32 |

2. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.3. (14) അനുസരിച്ച് അംഗീകരിച്ച ഗുണഭോക്തൃലി ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതിന് ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃലിസ്റ്റ സമാനസ്വഭാവമുള്ള പ്രോജക്ട് തുടർ വർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്ര ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ എടു

2020-21 വർഷത്തിൽ പ്രോജക്ട് നമ്പർ എസ്0643/21 പ്രകാരം വീട്ടുവളപ്പിൽ പടുത കുളങ്ങള നടത്തുന്നതിന് ആനുകൂല്യം നൽകുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിരുന്നു. 13 ഗുണഭോക്താക പ്രോജക്ട് പ്രകാരം ധനസഹായം നൽകിയിട്ടുള്ളത് (അടങ്കൽ - ₹20 ലക്ഷം, ചെലവ് ₹4,23, പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റിൽ 136 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ഗുണഭോക്തൃലി ഗുണഭോക്താക്കളെ 2021-22 വർഷത്തെ പ്രോജക്ടിൽ പരിഗണിച്ചിട്ടില്ല.

3. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13 അനുസരിച്ച് പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പ് ന എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പൂർത്തീകരണ പത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. 06.04.2006 -ലെ ജി.ഒ.(പി) നം.177/2006/ധനം ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള

വരവുചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. നഗ
പ്രത്യേകം ക്യാഷ് ബുക്കാണ് സൂക്ഷിച്ചിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം. 05/21-22, തീയതി 24/09/2022 -ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ല
മേൽ പറഞ്ഞ പദ്ധതികളുടെ ആകെ ചെലവ് ₹428572/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. നഗരസഭ
അധിക തുക അനുവദിച്ചതിനും മറ്റ് ന്യൂനതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 ഫിറ്റ്നസ്സില്ലാത്ത വാഹനം വാടകയ്ക്കെടുത്ത് പദ്ധതി നിർവ്വഹണത്തിന് അ യാത്രകൾക്ക് ഉപയോഗിച്ചു.

തനത് ഫണ്ട് വിനിയോഗിച്ച് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. ചെതലയം) തൻവർഷം
പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ബി |
|---|---|---|---|---|
| 1 | എസ്. 0275/22, ഫീൽഡുതല പ്രതിരോധ കുത്തിവയ്പ്പ് | ₹2,00,000/- | ₹58,299/-<br>₹6,971/-<br>₹6,722/- | 208<br>277<br>535 |
| | | ആകെ | ₹71,992/- | |
| 2 | എസ്.0711/22, ആന്റിനെറ്റൽ കെയർ | ₹50,000/- | ₹41,790/- | 342 |
| ആകെ ചെലവ് | | | ₹1,13,782/- | |

വ്യത്യസ്ത തീയതികളിൽ പല സ്ഥാപനങ്ങളിൽ പ്രതിരോധ കുത്തിവയ്പ്പിന് പോയതിന് വാഹന വാട
ചെലവാണ് ആദ്യത്തെ പ്രോജക്ട് പ്രകാരമുള്ള ചെലവ്. എസ്.ടി. വിഭാഗത്തിൽപ്പെട്ട ഗർഭിണിക
ചികിത്സ ലഭ്യമാക്കുന്നതിന് ചെലവഴിച്ച വാഹന വാടകയാണ് രണ്ടാമത്തെ പ്രോജക്ട് പ്രകാരമുള്ള ചെ
നടപടികളിലൂടെ തിരഞ്ഞെടുത്ത ശ്രീ. എൻ. പി. വിനു എന്നയാളുടെ KL-12 3103 എന്ന വാഹ
ഷീററിന്റെ അടിസ്ഥാനത്തിലാണ് മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരമുള്ള യാത്രകൾനടത്തി
അനുവദിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ക്വട്ടേഷൻ നടപടികളുടെ രേഖകൾ അ
മോഡലായ പ്രസ്തുത വാഹനത്തിന്റെ ഫിറ്റ്നസ് കാലാവധി 05.10.2010 -ന് അവസാനിച്ചിട്ടുണ്ട്. അ
ഫിറ്റ്നസ് പുതുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞതിന് പുറമേ ഒന്നാമത്തെ പ്രോജക്ട് പ്രകാരം കുത്തിവെയ്പ്പുകൾ നടത്തിയ സ്ഥല
കുത്തിവയ്പ്പ് എടുത്തവരുടെ എണ്ണവും മറ്റ് വിവരങ്ങളും അടങ്ങുന്ന യാതൊരു രേഖകളും ഓഡിറ്റിന് ല
പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 17/2018/തസ്വഭവ, തീയതി 02.02.2018) ഖണ്ഡിക 13 അനു
മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പ് നടത്തേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട്
ഹാജരാക്കിയിട്ടില്ല. ഖണ്ഡിക 11.4 അനുസരിച്ചുള്ള പൂർത്തീകരണ പത്രവും പരിശോധനയ്ക്ക് ഹാജരാക്

വാഹനത്തിന്റെ സാധുവായ ഫിറ്റ്നസ് രേഖകയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രോജക്ട്
ബന്ധപ്പെട്ട മറ്റ് ന്യൂനതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി
തീയതി 28/09/2022 -ന് നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പ്രോ
ചെലവ് തുക ₹1,13,782/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു വിശദീകരണവും രേഖകളും ഹാജരാക്കേണ്ടത

## 1-29 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നിർവ്വഹണത്തിനായി ബാ സൂക്ഷിക്കുന്നു.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും
മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലി
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേ
നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്ത

വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹെഡ് ഓഫ
തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചെതലയം പദ്ധതി നിർവ്വഹണത്തിനായി താഴെ പറയുന്ന ബ
സൂക്ഷിച്ചുവരുന്നുണ്ട്.

| അക്കൗണ്ട് നമ്പർ | ബാങ്ക് | 31.03.2022 -ലെ നീക്കിയിരിപ്പ് |
|---|---|---|
| 67004705668 | സി.ബി.ഐ, ചെതലയം | ₹9,45,488/- |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സുൽത്താൻ ബത്തേരി സബ് ട്രഷറി മുഖേനയാണ് പ
നിലവിൽ ഇത് ബാങ്കിംഗ് ട്രഷറിയായതിനാൽ ബാങ്ക് അക്കൗണ്ടിന്റെ ആവശ്യമുള്ളതായി കാണുന്നില്ല

മേൽപറഞ്ഞ ബാങ്ക് അക്കൗണ്ട് നഗരസഭയുടെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തത
ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ നഗരസഭയുടെ വാർഷിക കണക്കുകളിൽ പ്രതിഫലിക

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെഡിക്കൽ ഓഫീസർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്ന
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്
കാണുക). ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയിട്ടും നാളിതുവരെയും സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നം. 41 /21-22, തീയതി 05/10/2022) മെഡിക്കൽ ഓഫീസർ മറുപടി ല
സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാക്കേണ്ടതാണ്.

## <u>1-30 മരുന്നു വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.</u>

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ നം. (കൈ) 22/2018/തസ്വഭവ, തീയതി 14.02.20
രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെ
ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെ
നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപ
വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീ
അവൈലബിറ്റി സർട്ടിഫിക്കറ്റില്ലാതെയും, ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേ
മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി., ചെതലയം) താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ₹4,95,9
വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ, ഫണ്ട് | മരുന്നു വാങ്ങലിന് ചെലഴിച്ച തുക |
|---|---|---|---|
| 1 | എസ്0290/21, കോവിഡ് പ്രതിരോധപ്രവർത്തനം പി.എച്ച്.സി. സെന്ററിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങല | ₹60,000/- (തനത് ഫണ്ട്) | ₹95,988/- |
| 2 | എസ്0279/22, വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ | ₹4,00,000/- (വികസന ഫണ്ട്) | ₹123656/- |
| | | | ₹2,76,344/- |
| | ആകെ | | ₹4,95,988/- |

മേൽ പറഞ്ഞതിൽ രണ്ടാമത്തെ പ്രോജക്ട് പ്രകാരം ചെലവഴിച്ച ₹2,76,344/- യുടെ മരുന്നുകൾ ല
മരുന്നുകൾ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകളിലാണ് (Project Wise) രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്കു

പരിശോധന നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആദ്യത്തെ പ്രോജക്ടിന്റെ പ്രോജക്ടിന്റെ ആദ്യത്തെ ബില്ലിന്റെയും ഇന്റന്റും പെർഫോമ ഇൻവോയ്സും പരിശോധനയ്ക്ക് ഹ ആയതിൽ ആവശ്യപ്പെട്ട മരുന്നുകൾ തന്നെയാണോ ലഭിച്ചതെന്നും പെർഫോമ ഇൻവോയ്സ് ( തന്നെയാണോ നൽകിയതെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 അനുസരിച്ച് മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. ആരോഗ്യ സ്ഥാപനത്തിലേക്ക് ഒരു സ്റ്റേ ഉപയോഗിക്കേണ്ടത്. പ്രോജക്ടുകൾക്കനുസരിച്ച് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് ക്രമ വിരുദ്ധമാണ

ഓഡിറ്റ് എൻക്വയറിക്ക് (നം. 42/21-22, തീയതി 05/10/2022) മെഡിക്കൽ ഓഫീസർ മറുപടി ല മേൽ പ്രോജക്ടുകളുടെ അകെ തുക ₹4,95,988/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ന്യൂനതകൾക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 പദ്ധതിരൂപീകരണം നടത്തുന്നതിൽ അപാകതകൾ

സുൽത്താൻബത്തേരി നഗരസഭയുടെ 2021-22 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധ പരിശോധിച്ചതിൽ തനതുഫണ്ടിനത്തിൽ 11,09,88,879 രൂപയാണ് പദ്ധതിക്കുവേണ്ടി വകയിരുത്തി കണക്കുകൾ പ്രകാരം മുൻബാക്കിയും തൻവർഷത്തെ തനതുവരുമാനവും ചേർന്നാൽ 10,28,33,( വരുന്നത്. മുൻബാക്കിയിൽത്തന്നെ പല തരം ഗ്രാന്റുകൾ ഉൾപ്പെടുന്നു. ഇതിൽ ഗ്രാന്റുകൾ,ഡെപ്പോസിറ്റുകൾ,മറ്റ് ബാദ്ധ്യതകൾ എന്നിവ മാറ്റിവെച്ചാൽ തനതുഫണ്ട് 3,54,68,5 യഥാർത്ഥത്തിൽ ലഭ്യമല്ലാത്ത തുക വകയിരുത്തി പദ്ധതികൾ തയ്യാറാക്കുന്നതിനാലാണ് ( കുറയുന്നത്. കൂടാതെ മനുഷ്യവിഭവശേഷി പല തരത്തിൽ വിനിയോഗിച്ച് തയ്യാറാക്കുന നടപ്പാക്കാനാവാതെ പാഴാകുന്നു. ഓഡിറ്റ് എൻക്വയറി.നം. 44/21-22തീയതി 07.10.22 ( ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 മിനുട്സ് ബുക്കുകൾ യഥാസമയം ക്ലോസ് ചെയ്യുന്നില്ല. തീരുമാനങ്ങൾ നടപ്പാ പരിശോധിക്കപ്പെടുന്നില്ല.

സുൽത്താൻബത്തേരി നഗരസഭയുടെ 2021-22 വർഷത്തെ മിനുട്സ്ബുക്കുകൾ പ യോഗതീരുമാനങ്ങൾ നടപ്പാക്കുന്നതിലും മിനുട്സ് ക്ലോസ്സ് ചെയ്യുന്നതിലും വീഴ്ചകൾ വന്നതായി കണ്ടു.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

മിനുട്സ് ക്ലോസ്സ് ചെയ്യാത്ത തീയതികൾ

| ക്രമനമ്പർ | തീയതി |
|---|---|
| 1 | 04.10.21 |
| 2 | 19.11.21 |
| 3 | 25.11.21 |
| 4 | 03.12.21 |
| 5 | 24.12.21 |

| | |
|---|---|
| | |
| 6 | 01.01.22 |
| 7 | 16.02.22 |

ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് തുടർയോഗങ്ങളിൽ മോണിട്ടർ ചെയ്യുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.GHS കുപ്പാടി ,സർവ്വജന,ചേനാട് എന്നീ സ്കൂളുകളുടെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയ ലേലം ചെയ്ത തുക നഗരസഭയിൽ ഒടുക്കുന്നതിനും 4/18.08.21 പ്രകാരം തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ന കാണുന്നില്ല.

2.50 വയസ്സിൽ താഴെയുള്ളവർക്ക് വിധവാപെൻഷൻ അനുവദിക്കുന്നത് പുനപരിശ്ശോധിക്കുന്നത് പ്രകാരം തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നടപ്പാക്കിയതായി കാണുന്നില്ല.

3.സുൽത്താൻബത്തേരി നഗരസഭയുടെ ആരോഗ്യം,ദാരിദ്ര്യലഘൂകരണം പദ്ധതികളുടെ നിർവഹണ ഹെൽത്ത് ഇൻസ്പെക്ടർ,മെമ്പർ സെക്രട്ടറി എന്നിവരെ 9/31.08.21 പ്രകാരം നിശ്ചയിച്ചെങ്കിലും നടപ്പ

5.വളർത്തുമൃഗങ്ങളെ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുപ്പിക്കുന്നതിന് ക്യാമ്പ് സംഘടിപ്പിക്കുന്നത് പ്രകാരം തീരുമാനം എടുത്തെങ്കിലും നടപ്പാക്കിയതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി.നം. 24/21-22തീയതി 30.09.22പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തി ഹാജരാക്കിയിട്ടില്ല.അപാകതകൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഹരിതകർമ്മസേനക്ക് മൊബൈൽ ആപ്പ് -പദ്ധതി നടപ്പാക്കിയതിൽ അപാ

സുൽത്താൻബത്തേരി നഗരസഭ 2021-22 വർഷം നടപ്പാക്കിയ ഹരിതകർമ്മസേനക്ക് മൊബൈൽ നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ-707/22

പ്രോജക്ട്-ഹരിതകർമ്മസേനക്ക് മൊബൈൽ ആപ്പ്

നിർവഹണം-സെക്രട്ടറി

ഫണ്ട്-തനത് ഫണ്ട്

അടങ്കൽ-150000

ചെലവ്-123000/-

വൗച്ചർ നമ്പർ-22101654/31.03.22-25000

വൗച്ചർ നമ്പർ-22101653/31.03.22-98000

ഹരിതകർമ്മസേനക്ക് മൊബൈൽ ആപ്പ് നിർമ്മിച്ചുനൽകുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ചതിൽ Coronata Creations എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു.Coronata സ്റ്റാർട്ടപ്പ് കമ്പനി എന്ന നിലക്കാണ് വർക്ക് ഓർഡർ നൽകിയത്.

പദ്ധതി നടപ്പാക്കിയതിൽ താഴപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1,ഇതിനു മുൻപ് സ്ഥാപനം ഇത്തരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

2.കമ്പനിക്ക് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാനുള്ള അനുമതി ഉണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

3.തയ്യാറാക്കിയ ആപ്പ് സുരക്ഷിതം ആണോയെന്നുള്ള വിദഗ്ദപരിശോധന നടത്തിയിട്ടില്ല.

4.ആപ്പിന്റെ പ്രവർത്തനക്ഷമത സംബന്ധിച്ചുള്ള വിദഗ്ദാഭിപ്രായം ഫയലിൽ ഇല്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി.നം. 22/21-22 തീയതി 29.09.22 പ്ര ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 123000/- രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71/2017പ്രകാരം ഗു മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ മ ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനു തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

കൂടാതെ 23.09.2020 ലെ ധനകാര്യ വകുപ്പ് ഉത്തരവ് സ.ഉ(എം.എസ്) നം. 97/2020 പ്രകാരം മര വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ നിന്നും ഒഴിവാക്കാൻ പ്രാദേശിക സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും , പെൻഷൻ വിതര സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷ പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും , പെൻഷണർ മരണപ്പെട്ട ശേഷവും അക്കാ സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്ര പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാബേസിൽനിന്നും ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സുൽത്താൻബത്തേരി നഗരസഭാപരിധിയിലുള്ള പെൻഷൻ ഗുണഭോക്താക്കൾ സാഹചര്യത്തിൽ,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേ മാസം പെൻഷൻഡേറ്റാബേസിൽ നിന്നും അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുകയോ പെൻ നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണ നഗരസഭയിൽ അറിയിക്കുകയോ ചെയ്യുന്നില്ല.

രേഖകൾ പരിശോധിച്ചതിൽ പെൻഷൻ തുക, മരണതീയ്യതിക്കുശേഷമുള്ള മാസങ്ങളിലും വിതരണം ‍ പെൻഷനറുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ തരം | ആധാർ നം. | മരണമടഞ്ഞ തീയ്യതി | അനർഹമായ കാലയളവ് |
|---|---|---|---|---|---|
| 1 | ബാലൻ.സി.കെ | വാർദ്ധക്യകാലപെൻഷൻ | 724042742974 | 06.01.21 | 01/21 |
| 2 | സരോജിനി | വാർദ്ധക്യകാലപെൻഷൻ | 533577896121 | 30.09.20 | 10/20-12/20 |
| 3 | ഹംസ | വാർദ്ധക്യകാലപെൻഷൻ | 433210045517 | 21.12.19 | 01/20-8/21 |
| 4 | ഹൈദ്രോസ് | വാർദ്ധക്യകാലപെൻഷൻ | 112830200247 | 21.10.20 | 11/20-2/21 |

മുകളിൽ നൽകിയ പട്ടികയിലുള്ളവർ മരണം റിപ്പോർട്ട് ചെയ്യപ്പെടുകയും മരണസർട്ടിഫിക്കറ്റ് പു ചെയ്യപ്പെട്ട ഏതാനും പെൻഷൻ ഗുണഭോക്താക്കൾ മാത്രമാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഗുണഭോ തിരികെ ഈടാക്കാൻ നഗരസഭ ശ്രദ്ധിക്കുന്നുണ്ട്.എന്നാൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത പലഗുണഭേ പെൻഷൻ തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് പോകുന്നുണ്ട്. നിലവിൽ മരണം രജിസ്റ്റർ ചെയ്യുമ്പോ ചേർക്കാത്തതിനാൽ സേവന സോഫ്റ്റ് വെയറിൽ പെൻഷൻ വിതരണം സംബന്ധിച്ച് പരിശോ കഴിയുന്നില്ല.ഓഡിറ്റ് എൻക്വയറി.നം. 25/21-22തീയതി 30.09.22 പ്രകാരം വിവരം ശ്രദ്ധയിൽ മറുപടി നൽകിയിട്ടില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സൂക്ഷ്മപരിശോധന നടത്തി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-35 ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ(സ.ഉ.(കൈ)നം.17/2018/തസ്വഭവ ത ഖണ്ഡിക 6.7 പ്രകാരം, ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.മെയിന്റനൻസ് ഫണ്

കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി നഗരസഭയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി രൂപീകരിക്കേണ്ടത ബത്തേരി നഗരസഭയിൽ ആസ്തി രജിസ്റ്റർ 2020 വർഷം വരെ മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ. കാലികമാക്കുകയും എല്ലാ ആസ്തികളും അതിൽ ഉൾപ്പെട്ടു എന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടില്ല.അ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് (നം.43/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.ആസ്തി രജിസ്റ്റർ കാലികമാക്കി, ആസ്തി സം തയ്യാറാക്കി അറിയിക്കേണ്ടതാണ്.

## 1-36 അസി.എഞ്ചിനീയർ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്ക

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്ത വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹെഡ് ഓഫ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

സു.ബത്തേരി നഗരസഭയിലെ അസി. എഞ്ചിനീയർ പദ്ധതി നിർവ്വഹണത്തിനായി ബ സൂക്ഷിച്ചുവരുന്നുണ്ട്. മേൽപറഞ്ഞ ബാങ്ക് അക്കൗണ്ട് നഗരസഭയുടെ സാംഖ്യ അക്കൗണ്ടിം ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ നഗരസഭ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | ബാങ്ക് | 31.03. നീക്കി |
|---|---|---|---|
| അസി. എഞ്ചിനിയർ | 507702010026527 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സു.ബത്തേരി ശാഖ | ₹ 19,81 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് (നം.29/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.ആസ്തി രജിസ്റ്റർ കാലികമാക്കി, ആസ്തി സം തയ്യാറാക്കി അറിയിക്കേണ്ടതാണ്.ബാക്കി തുക ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് തിരികെ അടവാം അക്കൗണ്ട് ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് ക്ലോസ്സ് ചെയ്യേണ്ടതുമാണ്. മുൻസിപ്പൽ കൗൺസിലി ബാങ്ക് അക്കൗണ്ട് ആണെങ്കിൽ നഗരസഭയുടെ വാർഷിക കണക്കിൽ പ്രസ്തുത അക്കൗണ്ട് ഉൾപ്പെടുത്തേ

## 1-37 കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

അസി എഞ്ചിനീയർ, നിർവ്വഹണോദ്യോഗസ്ഥനായി ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താ

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് ( |
|---|---|---|---|
| 710/22 | അസി എഞ്ചിനീയർക്ക് ലാപ്ടോപ്പ് വാങ്ങൽ | 70,000.00 ( തനത് ഫണ്ട്) | 65,100.00 (ചെക്ക് നം. 100303 |

മേൽ പദ്ധതി പ്രകാരം അസി എഞ്ചിനീയർക്ക് ലാപ്ടോപ്പ് ക്വട്ടേഷൻ വിളിച്ച്, ഇ പ്ലാനറ്റ്, ന
നിന്നുമാണ് വാങ്ങിയിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇ പ്ലാനറ്റിന്റെ ഇൻവോയിസ് നം./തീയതി | ലാപ്ടോപ്പ് കമ്പ്യൂട്ടറിന്റെ വില(₹) |
|---|---|
| 13494/22.11.21 | 65,100.00 |

എന്നാൽ, സർക്കാർ ഉത്തരവ് പ്രകാരം [സ.ഉ. നം.G.O(Ms) നം. 24/2017/ITD തീ 18.11.2017
നം. ഐ.ടി.സെൽ-1/26/2019/വി.സ.വ/18.03.2019) കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ CPR
Procurement And Rate Contract System) മുഖേന Cprcs.Kerala.Gov.In - ൽ നിന്നും മാത്രമേ
നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം ഇല്ല. ലാപ്ടോപ്പ് സ്റ്റോക്കിൽ എടുത്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ
(നം.30/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴി
തടസ്സത്തിൽ വെക്കുന്നു.

## 1-38 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല-₹ 7,83,369.00 തടസ്സപ്പെ

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾക്ക് തുക
ചെയ്തിട്ടുണ്ട്. എന്നാൽ, നിലവിലും പദ്ധതികൾ പൂർത്തിയാക്കിയതായ മൂല്യ നിർണ്ണയ സാക്ഷ്യപത്രം ല
വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/ നം. | അടങ്കൽ(₹) | ചെലവ് തുക(₹) ചെക്ക് നം./ബിൽ നം./ തീയതി | ഡെപ്പ കൈപ്പ ഏജൻ |
|---|---|---|---|---|
| 1 | മുൻസിപ്പൽ ഓഫീസ് കോമ്പൗണ്ടിലെ കുഴൽ കിണർ നിർമ്മാണം. S0042/22 | 2,00,000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1,67,550.00 (23/21-22/15.12.21) | ഗ്രൗണ്ട ഡിപ്പാ |
| 2 | പട്ടം മാറ്റേൽ ബെന്നി വീടിന് സമീപം കുഴൽ കിണർ നിർമ്മാണം. S0498/22 | 1,00,000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1,17,510.00 (22/21-22/15.12.21) (17,510.00 രൂപ 692/22 നമ്പർ പ്രോജക്ടിൽ നിന്നുമാണ്) | ഗ്രൗണ്ട ഡിപ്പാ |

| | | | | |
|---|---|---|---|---|
| | | | | |
| 3 | 7-ാം ഡിവിഷനിൽ വിവിധ കുഴൽ കിണറുകളുടെ നിർമ്മാണം. S0314/22 | 1,96,130.00<br>(തനത് ഫണ്ട്) | 1,76,900.00<br>(10015019/15.12.21) | ഗ്രൗണ്ട<br>ഡിപ്പാ |
| 4 | വേങ്ങൂർവയൽ നിർമ്മല വീടിന് സമീപം<br>കുഴൽ കിണർ നിർമ്മാണം. S0498/22 | 1,00,000.00<br>(തനത് ഫണ്ട്) | 1,67,600.00<br>(10013813/15.12.21)<br>(67,600.00 രൂപ 692/22 നമ്പർ പ്രോജക്ടിൽ നിന്നുമാണ്) | ഗ്രൗണ്ട<br>ഡിപ്പാ |
| 5 | പഴുക്ക കോളനി സിസിലി വീടിന് സമീപം കുഴൽ കിണർ നിർമ്മാണം. S0466/22 | 1,00,000.00<br>(തനത് ഫണ്ട്) | 1,36,160.00<br>(10013818/15.03.22)<br>(36,160.00 രൂപ 692/22 നമ്പർ പ്രോജക്ടിൽ നിന്നുമാണ്) | ഗ്രൗണ്ട<br>ഡിപ്പാ |
| 6 | 110 ഡിവിഷനിൽ<br>കാരക്കണ്ടി ചെമ്പകപ്പാളി<br>റോഡിൽ ഇലക്ട്രിക്ക്<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | 10206/-<br>(തനതു ഫണ്ട്) | 10,206.00<br>(10011332/17.04.21) | കെ.എ |
| 7 | 13-ാം ഡിവിഷനിൽ ഓടപ്പള്ളം<br>കവല-കുഞ്ഞൻ വാസന്തി റോഡിൽ<br>ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | 7443/-<br>(തനതു ഫണ്ട്) | 7,443.00<br>(011637/14.05.21) | കെ.എ |
| **ആകെ** | | | **7,83,369.00** | |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് (നം.31/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കാത്ത തടസ്സപ്പെടുത്തുന്നു.

## 1-39 പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ-പിഴ ഈടാ 17.70 ലക്ഷം രൂപ നഗരസഭക്ക് നഷ്ടം സംഭവിച്ചു.

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ് പൂർണ്ണമായോ കരാറുകാരന്റെ പിഴവുമൂലമോ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി അനുവദിക്കാവൂ. മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം കഴിയാത്തപക്ഷം പ്രസ്തുത തീയതിക്കു മുമ്പായി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയ കാരണം നഗര വിലയിരുത്തി ആയത് സത്യസന്ധമാണെങ്കിൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. സു.ബ സെക്രട്ടറി കരാറുകാരുമായി ഉണ്ടാക്കിയ ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥ പ്രകാരം കരാറുകാരൻ യഥാ പൂർത്തീകരിക്കാതിരുന്നാൽ നിശ്ചിത കാലാവധിയുടെ 20 ശതമാനം സമയം (അഞ്ചിൽ ഒന്ന്) കൂ അനുവദിക്കുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാ കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം പിഴ ചുമത്തേണ്ടതു താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ, കരാർപ്രകാരമുള്ള സമയപരിധിക്ക പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീക ചെയ്യാതെ, യാതൊരുവിധ പിഴയും ഈടാക്കാതെഅവസാന ബിൽ തുക നൽകിയിട്ടുണ്ട് .വിശദാംശങ്ങൾ താ

| ക്രമ നം | പ്രോജക്ട് നം/ പേര്/അടങ്കൽ | കരാറുകാരൻ / ടെണ്ടർ നിരക്ക് (PAC)(₹) | എഗ്രിമെൻറ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം.ബുക്ക് നമ്പർ | എം ബുക്ക്പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാ നെടുത്ത കാലതാമസം | ഈടാക്കേണ്ടി യിരുന്ന പിഴ(₹) |
|---|---|---|---|---|---|---|---|---|
| 1 | 347/22 കാരക്കണ്ടി മന്തണ്ടിക്കുന്ന് റോഡ് നവീകരണം 1490000 | വി.ആർ. വിശ്വനാഥൻ 1490000 | AE/LSGD//SBY/220/ 19-20 /23.03.2020 | 23/06/2020 | 19/ 20-21 | 30.03.21 (പേജ് നം. 35) | 9 മാസം 7 ദിവസം | 193700 ( 1 + 2x6 = 1 + 12 = 13%) |
| 2 | 294/22 പാളക്കര ക്ലബ്ബ് നിർമ്മാണം 700000 | സെക്രട്ടറി, സു.ബത്തേരി ലേബർ കോൺട്രാക്ട് സൊസൈറ്റി 695814 | AE/LSGD//SBY/101/ 17-18 /26.02.2018 | 26/07/2018 | 237/ 17-18 & 137/20-21 | 26.02.21 (പേജ് നം. 4) | 31 മാസം 26 ദിവസം | 396614 ( 1 + 2x28 = 1 + 56 = 57%) |
| 3 | 317/22 കുപ്പാടി സ്കൂൾ വിവിധ കെട്ടിടങ്ങളുടെ നവീകരണം 1638675 | പ്രജീഷ്.വി.കെ 1551602 | AE/LSGD//SBY/174/ 19-20 /28.02.2020 | 28/08/2020 | 103/ 19-20 | 24.02.21 (പേജ് നം. 49) | 5 മാസം 26 ദിവസം | 77580 ( 1 + 2x2 = 1 + 4 = 5%) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 324/22 പതിനേഴാം ഡിവിഷനിൽ വിവിധ നടപ്പാത കോൺക്രീറ്റിംഗ് 420000 | വി.ആർ. വിശ്വനാഥൻ 420000 | AE/LSGD//SBY/182/ 19-20 /03.03.2020 | 03/06/2020 | 138/ 20-21 | 06.03.21 (പേജ് നം. 14) | 9 മാസം 3 ദിവസം | 54600 ( 1 + 2x6 = 1 + 12 = 13%) |
| 5 | 370/22 മൂന്നാം മൈൽ കപ്പാടി റോഡ് റീടാറിംഗ് 1000000 | വി.ആർ. വിശ്വനാഥൻ 1000000 | AE/LSGD//SBY/85/ 20-21 /17.09.2020 | 17/12/2020 | 27/ 21-22 & 547/20-21 | 24.01.22 (പേജ് നം. 8) | 13 മാസം 7 ദിവസം | 210000 ( 1 + 2x10 = 1 + 20 = 21%) |
| 6 | 311/22 KSRTC ആർമാട് റോഡ് റീടാറിംഗ് 1435680 | കെ.എം.വർഗ്ഗീസ് 1435680 | AE/LSGD//SBY/139/ 19-20 /14.01.2020 | 14/04/2020 | 71/ 20-21 | 19.03.21 (പേജ് നം. 13) | 11 മാസം 3ദിവസം | 244066 ( 1 + 2x8 = 1 + 16 = 17%) |
| 7 | 361/22 ടൗൺ ബൈപ്പാസ് റോഡിന് ഷോൾഡർ നിർമ്മാണം 435500 | സെക്രട്ടറി, കൽപ്പറ്റ ലേബർ കോൺട്രാക്ട് സൊസൈറ്റി 435500 | AE/LSGD//SBY/211/ 19-20 /23.03.2020 | 23/06/2020 | 189/ 20-21 | 18.03.21 (പേജ് നം. 10) | 8 മാസം 25ദിവസം | 47905 ( 1 + 2x5 = 1 + 10 = 11%) |
| 8 | 369/22 ക്ലാരമഠം റോഡ് റീടാറിംഗ് 1000000 | കബീർകുട്ടി 1000000 | AE/LSGD//SBY/172/ 20-21 /15.02.2021 | 15/05/2021 | 552/ 20-21 | 17.01.22 (പേജ് നം. 22) | 8 മാസം 5ദിവസം | 110000 ( 1 + 2x5 = 1 + 10 = 11%) |
| 9 | 425/22 ചിങ്കിളി മെമ്മോറിയൽ റോഡ് റീടാറിംഗ് 700000 | കബീർകുട്ടി 700000 | AE/LSGD//SBY/1712/ 20-21 /15.02.2021 | 15/05/2021 | 553/ 20-21 | 02.02.22 (പേജ് നം. 31) | 8 മാസം 17ദിവസം | 77000 ( 1 + 2x5 = 1 + 10 = 11%) |
| 10 | 459/22 | വി.ആർ.വിശ്വനാഥൻ 600000 | AE/LSGD//SBY/188/ 20-21 /31.03.2021 | 31/06/2021 | 22/ 21-22 | 16.02.22 (പേജ് നം. 17) | 7 മാസം 16ദിവസം | 54000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | തേലമ്പറ്റ എസ്.സി കോളനി റോഡ് ടാറിംഗ് 600000 | | | | | | | ( 1 + 2x4 = 1 + 8 = 9%) |
| 11 | 355/22 വട്ടിളി കുടിവെള്ള പദ്ധതി പൂർത്തീകരണം 450000 | സെക്രട്ടറി, സു.ബത്തേരി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി 450000 | AE/LSGD//SBY/196/ 19-20 /12.03.2020 | 12/06/2020 | 95/ 20-21 | 23.03.21 (പേജ് നം. 9) | 9 മാസം 11ദിവസം | 58500 ( 1 + 2x6 = 1 + 12 = 13%) |
| 12 | 313/22 പുതുക്കയിലഡ്ഡ റോഡ് റീടാറിംഗ് 210000 | ശരത് ഗോപകുമാർ ചെട്ടി 210000 | AE/LSGD//SBY/78/ 19-20 /15.11.2019 | 15/02/2020 | 100/ 20-21 | 25.03.21 (പേജ് നം.17) | 13 മാസം 10ദിവസം | 44100 ( 1 + 2x10 = 1 + 20 = 21%) |
| 13 | 312/22 മണിച്ചിറ മാവാടി റോഡ് വീതികൂട്ടൽ 350000 | കെ.റസാഖ് 350000 | AE/LSGD//SBY/112/ 19-20 /07.12.2019 | 07/03/2020 | 84/ 20-21 | 29.03.21 (പേജ് നം.25) | 12 മാസം 21ദിവസം | 66500 ( 1 + 2x9 = 1 + 18 = 19%) ( 1 + 2x4 = 1 + 8 = 9%) |
| 14 | 320/22 കുപ്പാടി അംഗൺവാടി റോഡ് റീടാറിംഗ് 500000 | വി.ആർ.വിശ്വനാഥൻ 494978 | AE/LSGD//SBY/166/ 19-20 /13.02.2020 | 13/05/2020 | 133/ 20-21 | 30.12.20 (പേജ് നം.13) | 7 മാസം 17ദിവസം | 44548 ( 1 + 2x4 = 1 + 8 = 9%) |
| 15 | 336/22 പുല്ലുമാല കോളനി റോഡ് കോൺക്രീറ്റിംഗ് 350000 | സബിൻ കല്ലിക്കൽ 350000 | AE/LSGD//SBY/213/ 19-20 /23.03.2020 | 23/06/2020 | 170/ 20-21 | 18.03.21 (പേജ് നം.8) | 8 മാസം 25ദിവസം | 38500 ( 1 + 2x5 = 1 + 10 = 11%) |
| 16 | 319/22 തിരുനെല്ലി അംഗൺവാടി നവീകരണം 250000 | ശരത് ഗോപകുമാർ ചെട്ടി 250000 | AE/LSGD//SBY/86/ 19-20 /15.11.2019 | 15/02/2020 | 82/ 20-21 | 29.03.21 (പേജ് നം.25) | 13 മാസം 14ദിവസം | 52500 ( 1 + 2x10 = 1 + 20 = 21%) |

| | |
|---|---|
| ആകെ | 17,70,113 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയ 22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, നഗരസഭക്ക് നഷ്ടം സംഭവിച്ച് ₹ 17,70,11 അറിയിക്കേണ്ടതാണ്.

## 1-40 അസി. എഞ്ചിനീയർ നിർവ്വഹണം രേഖകളുടെ സൂക്ഷിപ്പ് -അപാകതകൾ

അസിസ്റ്റൻറ് എൻജിനീയറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികള പരിശോധിച്ചപ്പോൾ അവയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരുള്ള കരാറുകാരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല

2.ടെണ്ടർ രജിസ്റ്ററിൽ Date And Time Of Receipt Of Tender, EMD Amount, Recept No And I No. Of Resolution Accepting Tender എന്നീ കോളങ്ങൾ പൂരിപ്പിക്കുന്നില്ല.

3.ടെണ്ടർ ഫോമുകളിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ

4. ടെണ്ടർ ഫോമിൽ ടെണ്ടർ നിരക്ക് എഴുതുന്നിടത്ത്, അസി. എഞ്ചിനീയർ, കരാറുകാരൻ എന്നിവർ ഒ

ഉദാ:- പ്രോജക്ട് നം. S0506/22

5. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പിടുന്ന കരാറിൽ ഭരണസമിതി തീരുമാനം ഉ

6. പ്രവൃത്തി സ്ഥലത്ത് പോയി പരിശോധിച്ച് എസ്റ്റിമേറ്റ് ഉണ്ടാക്കാത്തത് കാരണം വലിയ ശതമാനം റിവൈസ്ഡ് എസ്റ്റിമേറ്റ് വേണ്ടിവരുന്നുണ്ട്.

7. ഭൂരിഭാഗം പ്രവൃത്തികളുടെയും ടെണ്ടർ ഫോറം രണ്ട് കരാറുകാർ ആണ് വാങ്ങുന്നത്. ഒരു കരാറുക നിരക്കും അടുത്ത കരാറുകാരൻ 5% അധികവും ആണ് നിരക്ക് എഴുതുന്നത്. ഇതിൽ നിന്നും ടെണ്ടറിര വരുന്നില്ല എന്ന് ബോധ്യമാകുന്നുണ്ട്.

8. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമാ സ്വീകരിക്കുന്നില്ല.

9. മിക്ക പ്രവൃത്തികളിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെയിനേജ് എന്നിവ സൂക്ഷിച്ചിട്ടില്ല.

10. തനത് ഫണ്ടിൽ നിന്നും ചെലവുള്ള പദ്ധതികളിൽ മൊത്തം തുകയും(ജി.എസ്.ടി, ഇൻകം ട തൊഴിലാളി ക്ഷേമനിധി വിഹിതം ഉൾപ്പെടെ) അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക അസി. എഞ്ചിനീയർ കരാറുകാർക്ക് നൽകുകയുമാണ് ചെയ്യുന്നത്.ജി.എസ്.ടി, ഇൻകം ടാക്സ്, നിർമ്മാ ക്ഷേമനിധി വിഹിതം എന്നിവ അസി. എഞ്ചിനീയർ അടവാക്കുന്നത് പരിശോധിക്കുവാ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് (നം.33/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധ ലഭ്യമാക്കേണ്ടതാണ്.

## 1-41 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ₹ 3,92,100.00 തടസ്സം ചെയ്യുന്നു

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതിക്ക് തുക ചെലവഴ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-0762/22 വിവിധ പദ്ധതികളുടെ ദർഘാസ് അധിക നിരക്ക് അനുവദ |
| **അടങ്കൽ** | ₹ 22,20,878.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 13,79,122.00(തനത് ഫണ്ട്)<br>ആകെ ₹ 36,00,000 |

| | |
|---|---|
| **ചെലവ്** | ₹ 2,01,918.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 1,90,182.00(തനത് ഫണ്ട്)<br>ആകെ ₹ 3,92,100 |
| **നിർവ്വഹണോദ്യോഗസ്ഥൻ** | അസി.എഞ്ചിനീയർ |

മേൽ പ്രോജക്ട് റിപ്പോർട്ട് പ്രകാരം നഗരസഭയുടെ 2020-21 വർഷത്തെ 29-11-2021 തീയതി വ നടപടികൾ പൂർത്തീകരിച്ചപ്പോൾ കരാറുകാർ വിവിധ പദ്ധതികളിലായി രേഖപ്പെടുത്തിയ ടെ നൽകുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16/09/2021 -ലെ 1778/2021 -ാം നമ്പർ ഉത്തര വകയിരുത്തുന്നതിനുള്ള പദ്ധതിയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഏതൊക്കെ പ്രവൃത വീതം തുകയാണ് നൽകിയിരിക്കുന്നത് എന്നതിന്റെ രേഖകൾ ലഭ്യമാക്കാത്തിനാൽ പ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് (നം.34/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തിനാൽ ₹ 3,92,100 തടസ്സം ചെയ്യുന്നു

## <u>1-42 പ്രോജക്ട് അംഗീകാരമില്ലാതെ തുക ചെലവഴിച്ചു-₹ 2,45,901.00 തടസ്സം ചെ</u>

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതിക്ക് തുക ചെലവഴ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-451/22 ഇരുപത്തിയഞ്ചാം ഡിവിഷനിൽ വിവിധ നടപ്പാതകൾ കോ |
| **അടങ്കൽ** | ₹ 2,65,000.00 (തനത് ഫണ്ട്) |
| **എസ്റ്റിമേറ്റ് തുക** | ₹ 2,65,000.00 |
| **ചെലവ്** | ₹ 2,45,901.00 |
| **ചെക്ക് നം/തിയ്യതി** | 6490006/22.07.21 |
| **എം.ബുക്ക് നം.** | 53/20-21(പേജ് നം.1-15) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം ₹ 2,45,901.00 പിൻവലിച്ച് ഇരുപത്തിയഞ്ചാം ഡിവിഷനിൽ വിവി കോൺക്രീറ്റിംഗ് എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പഴയ പ്രോജക്ടിന്റെ നമ്പർ 212/21 പ്രോജക്ടിന്റെ നമ്പർ ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത് 451/22 എന്നാണ്. എന്നാൽ, 451/22 നഗരസഭ ഹാജരാക്കിയ 2021-22 വർഷത്തെ സുലേഖ ചെലവ് പത്രികയിൽ ഇല്ല.ഫയലിലും റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടതനുസരിച്ച് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് Draft For Verification എന്നാണ്. അതായത്, ഡി.പി.സി അംഗീകാരം വാങ്ങിക്കാതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് (നം.35/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് അംഗീകാരമില്ലാതെ ചെലവഴിച്ച തടസ്സം ചെയ്യുന്നു

## <u>1-43 ഹൈമാസ്റ്റ്/ലോമാസ്റ്റ് വിളക്കുകൾ വാങ്ങൽ-5,00,000.00 തടസ്സത്തിൽ വെക്</u>

അസി എഞ്ചിനീയർ, നിർവ്വഹണോദ്യോഗസ്ഥനായി ചുങ്കം മാർക്കറ്റ്, പഴയ ബസ് സ്റ്റാന്റ് ഹൈമാസ്റ്റ്/ലോമാസ്റ്റ് വിളക്കുകൾ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്ക

| **പ്രോജക്ട് നം.** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ (₹)** | **ചെലവ് (₹)** |
